## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1158

03.12.2018 - ൽ മറുപടിക്ക്

### മണലൂർ മണ്ഡലത്തിലെ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) 2017-18-ലെ ആസ്തി വികസന പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ബസ് കാത്തിരുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ 24.5.2018ലെ ആർ.ഡി 6/2408/2017 പ്രകാരം ഭരണാനുമതി നൽകുകയും തൃശ്ശൂർ ജില്ലാ പൊതുമരാമത്ത് റോഡ് വിഭാഗത്തെ മേൽനോട്ട ചുമതല ഏൽപ്പിക്കുകയും ചെയ്തിരുന്നുവെങ്കിലും ഇക്കാര്യത്തിൽ ഇതുവരെ സാങ്കേതികാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ.ഉ(അച്ചടി)നം.126/2017/ധന തീയതി 25.09.2017 പ്രകാരം ഡി.പി.ആർ/ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന അക്രഡിറ്റഡ് ഏജൻസിയായ SILK തന്നെയാണ് സാങ്കേതികാനുമതി നൽകേണ്ടത്. |
| (ബി) 28.9.2018 ലെ ആർ.ഡി 6/2406/2017 നമ്പർ പ്രകാരം തൃശ്ശൂർ കളക്ടറേറ്റിൽ നിന്നും ഇക്കാര്യം സംബന്ധിച്ച് വീണ്ടും അയച്ച കത്തിൻമേൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കാമോ; | (ബി) 28.09.2018 ലെ ആർ.ഡി6.2406/2017 പ്രകാരം തൃശ്ശൂർ കളക്ടറേറ്റിൽ നിന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ തൃശ്ശൂരിന് നൽകിയ കത്തിൽ, അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനോട് (SILK) ബില്ലുകൾ ധനകാര്യവകുപ്പിന്റെ അംഗീകാരത്തിന് അയക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ ബില്ലുകൾ SILK സമർപ്പിക്കാത്തതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പ്രവൃത്തിയ്ക്ക് ഇതിനോടകം സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് വേണ്ട നിർദ്ദേശം നൽകുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ഇല്ല. 25.07.2017 ലെ ധനകാര്യ വകുപ്പിന്റെ സ.ഉ.(അച്ചടി)നം.95/17/ധന, 25.09.2017ലെ സ.ഉ.(അച്ചടി)നം.126/17/ധന എന്നീ ഉത്തരവുകൾ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്ന അക്രഡിറ്റഡ് ഏജൻസി തന്നെയാണ് സാങ്കേതികാനുമതി നൽകുന്നത്. |

സെക്ഷൻ ഓഫീസർ